**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **27-02-2023 - ൽ മറുപടിയ്ക്ക്**

**പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസ് ഉൾപ്പെടുത്തുന്നതിന് തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിയമവകുപ്പിൽ നിന്നും റിട്ടയർ ചെയ്യുന്നവർക്ക് കേരള സർവീസ് റൂൾ പ്രകാരം അവർ സർവീസിൽ പ്രവേശിക്കുന്നതിന് മുമ്പ് അഭിഭാഷകരായി പ്രാക്ടീസ് ചെയ്തിരുന്ന കാലയളവ് പെൻഷന് പരിഗണിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ പരിഗണിക്കുന്നില്ല. സർക്കാരിന്റെ 15.07.2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവ് പ്രകാരം ബാർ പ്രാക്ടീസ് കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് യോഗ്യ സേവന കാലയളവായി കണക്കാക്കാനാകില്ല. |
| (ബി) | നിലവിൽ റിട്ടയർ ചെയ്ത എത്ര ജീവനക്കാർക്കാണ് ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; | (ബി) | സർക്കാരിന്റെ 15.07.2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവിന് മുമ്പ് റിട്ടയർ ചെയ്ത അർഹരായ എല്ലാ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം നൽകിയിരുന്നു. |
| (സി) | 2013 ഏപ്രിൽ മുതൽ നിയമിതരായ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ എത്രപേർക്കാണ് ഇനി നിയമവകുപ്പിൽനിന്നും ഈ ആനുകൂല്യം ലഭിക്കേണ്ടത്; അവരുടെ പട്ടിക ലഭ്യമാക്കുമോ; | (സി) | സർക്കാരിന്റെ 15.07.2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവ് പ്രകാരം ബാർ പ്രാക്ടീസ് കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നില്ല. |
| (ഡി) | പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിയമവകുപ്പ് നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം മാറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന്റെ 15.07.2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസ് ഉൾപ്പെടുത്താനാവില്ല. പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷകൾ നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ